2839/16

<u>*Regd. with A/D*</u>

## വിവരാവകാശ നിയമം 2005 പ്രകാരം സമർപ്പിക്കുന്ന അപേക്ഷ




**പ്രേഷകൻ**

സോമരാജൻ. ആർ.
മുണ്ടപ്ലാക്കുഴി കിഴക്കേതിൽ,
മുണ്ടുകോട്ടയ്ക്കൽ പി.ഒ.
പത്തനംതിട്ട - 689 649.

**സ്വീകർത്താവ്**

ദി സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ആഫീസർ
സാമൂഹ്യനീതി വകുപ്പ് ജില്ലാ ആഫീസ്
പത്തനംതിട്ട - 689 645.

സർ,

വിഷയം : ***<u>വിവരാവകാശ നിയമം - 2005 - അപേക്ഷ സംബന്ധിച്ച്</u>***

സൂചന : വിവരാവകാശ നിയമം 2005 അധ്യായം 02 സെക്ഷൻ 06.

വിവരാവകാശ നിയമം 2005 പ്രകാരം ചുവടെ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ വെളിപ്പെടുത്തുകയും രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ലഭ്യമാക്കുകയും ചെയ്യുക. ഓരോ ചോദ്യത്തിനുമുള്ള രേഖകളുടെ പകർപ്പ് ഫീസ് എത്രയാണെന്ന് പ്രത്യേകം പ്രത്യേകം രേഖപ്പെടുത്തി ടി വിലാസത്തിൽ അപേക്ഷകനെ അറിയിക്കുക.

1. സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പത്തനംതിട്ട ജില്ലയിൽ എത്ര അംഗനവാടികൾ പ്രവർത്തിക്കുന്നു? അതിന്റെ പട്ടിക ലഭ്യമാക്കുക.

2. പത്തനംതിട്ട ജില്ലയിലെ അംഗനവാടികളിൽ പഠിപ്പിക്കുന്ന അധ്യാപകരുടെയും ആയമാരുടെയും പഠിക്കുന്ന കുട്ടികളുടെയും എണ്ണം അംഗനവാടികളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുക.

3. പത്തനംതിട്ട ജില്ലയിലെ അംഗനവാടികളുടെ അധ്യാപകർക്കും ആയമാർക്കും 01-04-2015 മുതൽ നൽകിയ പ്രതിമാസ ശമ്പളം മാസാടിസ്ഥാനത്തിൽ ലഭ്യമാക്കുക.

4. പത്തനംതിട്ട ജില്ലയിലെ അംഗനവാടികളുടെ 01.04.2015 മുതലുള്ള നടത്തിപ്പിന് ലഭിച്ചിട്ടുള്ള ഫണ്ടിന്റെ വിശദാംശം ലഭ്യമാക്കുക.

5. പത്തനംതിട്ട ജില്ലയിലെ അംഗനവാടികളിൽ പഠിക്കുന്ന കുട്ടികൾക്ക് സാമൂഹ്യനീതി വകുപ്പിൽനിന്നും 01.04.2015 മുതൽ നൽകിയ ഭക്ഷണത്തിന് ചെലവായ തുകയുടെ വിശദാംശം മാസാടിസ്ഥാനത്തിൽ ലഭ്യമാക്കുക.

(.....2)

വെട്ടിപ്പുറം (നം-87)

6. ~~പത്തനംതിട്ട~~ ഗവ. എൽ.പി. സ്കൂളിനോടു ചേർന്ന് അംഗനവാടിക്ക് പ്രവർത്തിക്കുന്നതിന് അനുമതി നൽകിയ ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കുക.

7. ചോദ്യം 6 ൽ പറയുന്ന ഉത്തരവ് തയ്യാറാക്കിയ മുഴുവൻ ഉദ്യോഗസ്ഥരുടെയും പേരുവിവരങ്ങളും അവർ ഇപ്പോൾ ജോലിചെയ്യുന്ന ആഫീസിന്റെ വിവരങ്ങളും തസ്തികകളും ലഭ്യമാക്കുക.

8. അംഗനവാടികൾ പ്രവർത്തിക്കുന്നതിന് കെട്ടിടം ഉൾപ്പെടെയുള്ള ഭൗതികസാഹചര്യങ്ങൾ തയ്യാറാക്കേണ്ടത് ഏത് വകുപ്പാണെന്ന് വെളിപ്പെടുത്തുക.

9. ചോദ്യം 6 ൽ പറയുന്ന അംഗനവാടി വെട്ടിപ്പുറം ഗവ. എൽ.പി. സ്കൂളിൽ പ്രവർത്തിക്കുന്നതിന് പൊതുവിദ്യാഭ്യാസവകുപ്പ് അധികാരികളിൽനിന്നും ലഭിച്ച സമ്മതപത്രത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കുക.

10. ചോദ്യം 6 ൽ പറയുന്ന അംഗനവാടി പ്രവർത്തിക്കുന്നതിന് ലഭിച്ച സ്ഥലത്തിന്റെ അളവ്, കെട്ടിടത്തിന്റെ അളവ്, അടുക്കളയുടെ അളവ് ഇവ വെളിപ്പെടുത്തുക.

11. ചോദ്യം 6 ൽ പറയുന്ന അംഗനവാടി പത്തനംതിട്ട മുനിസിപ്പാലിറ്റിയുടെ ഏതു വാർഡിലേക്കാണ് അനുവദിച്ചിട്ടുള്ളത്? ആയത് അനുവദിച്ച ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കുക. ചോദ്യം 6 ൽ പറയുന്ന അംഗനവാടി വാർഡ് മാറ്റി സ്ഥാപിക്കുന്നതിന് ഉണ്ടായ കാരണം വെളിപ്പെടുത്തുകയും ചെയ്യുക.

12. സാമൂഹ്യനീതി വകുപ്പിന് പത്തനംതിട്ട ജില്ലയിൽ ഏതെല്ലാം സ്ഥലത്താണ് സ്വന്തമായി ഭൂമിയുള്ളത്?

വിശ്വസ്തതയോടെ,

പത്തനംതിട്ട,

05-09-2018.

Somarajan

സോമരാജൻ ആർ.